## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2227-

20/06/2012 - ൽ മറുപടിയ്ക്ക്

### പരിയാരം മെഡിക്കൽ കോളേജിന് സമീപം നിർമ്മിച്ച ഔഷധത്തോട്ടം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജിന് സമീപം ഔഷധിയുടെ കീഴിൽ നിർമ്മിച്ച ഔഷധത്തോട്ടത്തിൽ എന്തൊക്കെ തരത്തിൽപ്പെട്ട ഔഷധച്ചെടികളാണ് കൃഷി ചെയ്തിട്ടുള്ളത്; ഇവിടെ എത്ര ഏക്കർ ഭൂമിയിലാണ് കൃഷി ചെയ്തിട്ടുള്ളത്; | (എ) ഔഷധിക്ക് പരിയാരത്ത് ലഭിച്ച സ്ഥലത്ത് കൃഷിചെയ്തിട്ടുള്ള ഔഷധച്ചെടികൾ ചുവടെ ചേർത്തിട്ടുള്ളവയാണ്.<br>ആര്യവേപ്പ്, അശോകം, ദന്തപാല, കടുക്ക, കരിങ്ങാലി, കണിക്കൊന്ന, കരിനൊച്ചി, കൂവളം, കുമിഴ്, കുടകപ്പാല, ഞാവൽ, നെല്ലി, നീർമരുത്, പലകപ്പയ്യാരി, പതിമുഖം, പുളി, രക്തചന്ദനം, താന്നി, ഉങ്ങ്, വേങ്ങ, ചന്ദനം, തേക്ക്.<br>ഏകദേശം 30 ഏക്കർ ഭൂമിയിലാണ് കൃഷി ചെയ്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത ഔഷധത്തോട്ടം സംരക്ഷിക്കാൻ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; | (ബി) ഔഷധത്തോട്ട സംരക്ഷണത്തിനായി ഒരു റിട്ടയേർഡ് ഫോറസ്റ്റ് ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. കൂടാതെ വേനൽക്കാലത്ത് ഫയർ വാച്ചർമാരെയും നിയമിക്കാറുണ്ട്. കൃഷിയ്ക്കാവശ്യമായ സമയത്ത് |

ആവശ്യാനുസരണം ജോലിക്കാരെ നിയോഗിക്കുകയാണ് പതിവ്.

(സി) ഔഷധത്തോട്ടം സംരക്ഷിക്കാൻ ജീവനക്കാരില്ലാത്തതിനാൽ ഔഷധത്തോട്ടം നശിച്ചുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി) ഔഷധത്തോട്ടം സംരക്ഷിക്കുവാൻ ആളില്ലാത്തതുമൂലമല്ല ചെടികൾ വളരാത്തത്. കണ്ണൂരിൽ ഔഷധിക്ക് ലഭിച്ച സ്ഥലത്തിന്റെ പ്രത്യേകത മൂലം എല്ലാതരം ചെടികളും വളരുന്നതല്ല. ആയതിനാൽ ഘട്ടംഘട്ടമായി പ്രസ്തുത സ്ഥലങ്ങളിൽ വളരുവാൻ സാധ്യതയുള്ള ചെടികൾ നട്ടുവളർത്തുവാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 20 ഏക്കറോളം വരുന്ന സ്ഥലത്തെ അക്വേഷ്യ തുടങ്ങിയ പാഴ് മരങ്ങൾ വെട്ടിമാറ്റി പ്രസ്തുത സ്ഥലത്ത് പുളി വെച്ചുപിടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ